കട്ടനാട് പാക്കേജ്

22 (*T*292) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സ്വാമിനാഥൻ കമ്മീഷൻ ശിപാർശയനുസരിച്ച് കട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്രം അനുവദിച്ച പദ്ധതി വകുപ്പിന്റെ കെടുകാര്യസ്ഥത കാരണം നടപ്പിലാക്കാനായില്ലെന്നും കേന്ദ്രം പാക്കേജ് റദ്ദാക്കുന്നുവെന്നുമുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതിക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) കേന്ദ്ര സഹായം പാഴാക്കിയതിന് ഉത്തരവാദികൾ ആരൊക്കെയാണ്; പദ്ധതി ഇനി പ്രാവർത്തികമാക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്നും അതിന്റെ രൂപരേഖയും അറിയിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കട്ടനാട് പാക്കേജിൻകീഴിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി കേന്ദ്രം അനുവദിച്ച പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയെങ്കിലും പാക്കേജിൻകീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. കെ.ഇ.എൽ.-3, ഓണാട്ടുകര പദ്ധതികൾ എന്നിവ പൂർത്തീകരിക്കുന്നതിനായി ഡിസംബർ 2016 വരെ കേന്ദ്ര സർക്കാർ സമയപരിധി നീട്ടിനൽകിയിട്ടുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂരിഭാഗം പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർസ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ജലസേചന വകുപ്പിൻകീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തേണ്ടി വരുന്നതിനാലും പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജലകമ്മീഷന്റെ അനുമതിയും ലഭിക്കേണ്ടതിനാലും കൂടുതൽ സമയം ആവശ്യമായി വരികയുണ്ടായി.

(സി) കേന്ദ്രസഹായം പാഴായതായി കാണുന്നില്ല. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം പാക്കേജിൻകീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ്.

വാഴക്കൃഷി

23 (*293) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വാഴക്കൃഷിക്ക് എത്ര ശതമാനം പങ്കുണ്ടെന്ന കാര്യം വിശദമാക്കാമോ;

(ബി) ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് വാഴക്കൃഷി നടത്തുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് ഇത്തരം കർഷകരെ വലിയ ദുരിതത്തിൽ ആഴ്ത്തുന്ന കാര്യം അറിയാമോ;

(ഡി) വാഴക്കുലയുടെ സംഭരണ വിപണന മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) ഉല്പാദനച്ചെലവിന് ആനുപാതികമായി സബ്സിഡി നൽകി തറവില നിശ്ചയിച്ച് വാഴക്കൃഷിക്കാരെ സഹായിക്കുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly